(ബി) പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിന് ആകെ എത്ര രൂപ ചെലവായി ;

(സി) 2000 ജനുവരി 31 വരെ ടോൾ പിരിവിലൂടെ എത്ര രൂപ പിരിഞ്ഞുകിട്ടി എന്ന് വ്യക്തമാക്കുമോ ;

(ഡി) ടോൾ പിരിക്കുന്നവരുടെ ശമ്പളം, മറ്റു ചെലവുകൾ എന്നീ ഇനത്തിൽ 2000 ജനുവരി 31 വരെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) 1999 ഏപ്രിൽ ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള 9 മാസം ടോൾ പിരിവിലൂടെ എത്ര രൂപ കിട്ടിയിട്ടുണ്ടെന്നും ടോൾ പിരിവിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 12-8-1992 മുതൽ ടോൾ പിരിവ് ഏർപ്പെടുത്തി.

(ബി) 35.49 ലക്ഷം രൂപ ചെലവായി.

(സി) 2000 ജനുവരി 31 വരെ ടോൾ പിരിവിലൂടെ 2,40,083 രൂപ പിരിഞ്ഞു കിട്ടി.

(ഡി) ടോൾ പിരിക്കുന്നവരുടെ ശമ്പളം മറ്റു ചെലവുകൾ എന്നീ ഇനത്തിൽ 2000 ജനുവരി 31 വരെ 2,26,178 രൂപ ചെലവായി.

(ഇ) 1999 ഏപ്രിൽ ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള 9 മാസം ടോൾ പിരിവിലൂടെ 23,439 രൂപ കിട്ടുകയും 44,500 രൂപ ടോൾ പിരിവിന് ചെലവാകുകയും ചെയ്തു.

ചിറയിൻകീഴ്-അരയത്തുരുത്ത് മഹാത്മാ ബീച്ച് റോഡ്

141 (2122) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് അരയത്തുരുത്ത് മഹാത്മാഗാന്ധി ബീച്ച് റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുത്തതെന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് ഈ റോഡ് ഏറ്റെടുത്തതിനുശേഷം മരാമത്തുവകുപ്പിൽനിന്നും എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളോ അറ്റകുറ്റ പണികളോ ഈ റോഡിൽ നടത്തിയിട്ടുണ്ടോ ;

(സി) പൊതുമരാമത്തു വകുപ്പ് ഈ റോഡിനെ പൂർണ്ണമായി അവഗണിച്ചതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) മഹാത്മാഗാന്ധി ബീച്ച് റോഡും അനുബന്ധപാലങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ആവശ്യത്തിന് മുൻകൊല്ലങ്ങളിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുവെങ്കിലും യാതൊരു നടപടിയും പുരോഗമിച്ചിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മഹാത്മാഗാന്ധി ബീച്ച് റോഡും അനുബന്ധ പാലങ്ങളും നിർമ്മിക്കുന്നതിലേക്ക് സർക്കാർ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ ;

(ജി) മഹാത്മാഗാന്ധി ബീച്ച് റോഡിൽ മുഞ്ഞമൂട് പാലം നിർമ്മിക്കുന്നതിന് നിരവധി നിവേദനങ്ങൾ നൽകിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഈ പാലം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1989-ൽ

(ബി-ഡി) ഈ റോഡ് ഏറ്റെടുത്തതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങളോ, അറ്റകുറ്റപണികളോ നടത്തിയിട്ടില്ല. ഈ റോഡ് ഗതാഗത യോഗ്യമാക്കണമെങ്കിൽ രണ്ടു പാലങ്ങളുടെയും അപ്രോച്ച് റോഡിന്റെ പണി നടത്തേണ്ടതുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

(ജി) ഉണ്ട്.

(എച്ച്) ബഡ്ജറ്റിൽ തുക ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

താവളം-മുള്ളി, തിരുവിഴാംകുന്ന്-അമ്പലപ്പാറ റോഡുകളുടെ അറ്റകുറ്റപ്പണികൾ

142 (2123) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിലെ മലയോര മേഖലയായ മണ്ണാർക്കാട് താലൂക്കിലെ താവളം-മുള്ളി, തിരുവിഴാംകുന്ന്-അമ്പലപ്പാറ എന്നീ റോഡുകളുടെ പ്രവൃത്തികൾ എത്രയും പെട്ടെന്ന് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ ?

ഉത്തരം

28 കിലോമീറ്റർ നീളമുള്ള താവളം-മുള്ളി റോഡിന്റെ കിലോമീറ്റർ 12/500 മുതൽ 28/00 വരെ ഗതാഗതയോഗ്യമാണ്. കിലോമീറ്റർ 0/0 മുതൽ 4/500 വരെയുള്ള റോഡിന്റെ പണി നടന്നുക്കൊണ്ടിരിക്കുകയാണ്. എന്നാൽ വില്ലേജ് റോഡുകൾക്കുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാലും പണിക്കുള്ള ടാർ, കമ്പി, സിമന്റ് എന്നിവ യഥാസമയം കൊടുക്കാനോ ഭാഗികമായി ചെയ്തുതീർത്ത പണികളുടെ ബിൽ കൊടുക്കുവാനോ, കഴിഞ്ഞില്ല. ആയതിനാൽ

LIBRARY ARCHIVES Kerala Legislative Assembly